**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 374** **19-07-2022 - ൽ മറുപടിയ്ക്ക്**

**സിനിമ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ. കെ.പി.മോഹനൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സിനിമ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ; | (എ) | കോവിഡ് കാലത്ത് ചലച്ചിത്ര വ്യവസായം നേരിട്ട രൂക്ഷമായ പ്രതിസന്ധി പരിഹരിക്കുന്നതിനായി വിവിധ ആശ്വാസ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് നിയന്ത്രിതമായ തോതിൽ ഷൂട്ടിംഗ് പുനരാരംഭിക്കാൻ അനുമതി നൽകി. കോവിഡ് വ്യാപനത്തോത് കുറഞ്ഞപ്പോൾ 50 ശതമാനം സീറ്റിംഗ് കപ്പാസിറ്റിയിൽ തിയേറ്ററുകൾ തുറന്നു പ്രവർത്തിക്കാൻ അനുമതി നൽകി. തുടർന്ന് കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് നൂറ് ശതമാനം സീറ്റിംഗ് കപ്പാസിറ്റിയിൽ തുറന്ന് പ്രവർത്തിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ തീയേറ്ററുകളിലും ഇ-ടിക്കറ്റിംഗ് സമ്പ്രദായം നടപ്പിലാക്കുന്നതിന് സർക്കാരിന്റെ 04.01.2020-തീയതിയിലെ സ.ഉ.(സാധാ)നം. 101/2020-ത.സ്വ.ഭ.വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് അടഞ്ഞുകിടന്ന സിനിമാ തീയേറ്ററുകളുടെ വിനോദനികുതി 2021 ഏപ്രിൽ മുതൽ 2021 ഡിസംബർ 31 വരെയുള്ള കാലയളവിൽ ഇളവ് ചെയ്ത് നൽകിയിട്ടുണ്ട്. കൂടാതെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ലൈസൻസ് പിഴ കൂടാതെ പുതുക്കുന്നതിനുള്ള കാലാവധി 31.08.2022 വരെ ദീർഘിപ്പിച്ചും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>കേരള സംസ്ഥാന സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 2021 ഡിസംബർ വരെ സെസ്സ് കുടിശ്ശിക വകയിരുത്തിയിട്ടുള്ള തീയേറ്ററുകൾക്ക് ടി തുക അടച്ചു തീർക്കുന്നതിന് 6 മാസത്തേക്ക് കൂടി സമയം (2022 ഡിസംബർ വരെ) |

| | | | |
|---|---|---|---|
| | | | ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡിൽ 2020 ഫെബ്രുവരി വരെ അംഗത്വത്തിന് അപേക്ഷ നൽകിയ കലാകാരൻമാരിൽ കോവിഡ് ധനസഹായത്തിന് അപേക്ഷ നൽകിയവർക്ക് 2000 രൂപ വീതം ധനസഹായം അനുവദിച്ചിട്ടുണ്ട്. 2021ഏപ്രിൽ വരെ അംഗത്വത്തിന് അപേക്ഷ നൽകിയ കലാകാരൻമാർക്ക് 1000 രൂപ വീതവും കോവിഡ് ധനസഹായമായി നൽകിയിട്ടുണ്ട്.<br><br>കോവിഡ്-19 കാരണം പ്രതിസന്ധിയിലായ സിനിമാ തീയേറ്ററുകൾക്ക് വൈദ്യുതി ഫിക്സഡ് / ഡിമാന്റ് ചാർജിൽ ഇളവ് നൽകിയിരുന്നു. പ്രസ്തുത ഇളവിനു ശേഷമുള്ള ബാക്കി തുക തുല്യ തവണകളാക്കി അടക്കുന്നതിനുള്ള സാവകാശവും നൽകിയിരുന്നു. സംസ്ഥാനത്തെ മറ്റേതൊരു മേഖലയേക്കാളും വൈദ്യുതി ചാർജ്ജിനത്തിൽ കൂടുതൽ ഇളവുകൾ ലഭ്യമായത് സിനിമാ തീയേറ്ററുകൾക്കാണ്. |
| (ബി) | സിനിമ വ്യവസായം അഭിവൃദ്ധിപ്പെടുത്താൻ പുതുതായി എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | മലയാള ചലച്ചിത്ര മേഖലയുടെ വളർച്ചയും വികാസവും സംബന്ധിച്ച് സമഗ്രമായ അറിവുകൾ പകരുന്നതിനായി മലയാള സിനിമാ മ്യൂസിയം സ്ഥാപിക്കുന്നതിന് ചലച്ചിത്ര അക്കാദമി സമർപ്പിച്ച പദ്ധതി നിർദ്ദേശം സർക്കാർ അംഗീകരിക്കുകയും പ്രാരംഭ നടപടികൾക്കായി ബജറ്റിൽ തുക വകയിരുത്തുകയും ചെയ്തിട്ടുണ്ട്. മലയാള സിനിമയുടെ സാങ്കേതിക രംഗത്തേക്ക് കടന്നു വരാൻ ആഗ്രഹിക്കുന്ന വനിതകൾക്കായി ചലച്ചിത്ര അക്കാദമി ഒരു നൈപുണ്യവികസന പരിപാടി ആസൂത്രണം ചെയ്തിട്ടുണ്ട്. എഡിറ്റിംഗ്, സൗണ്ട് ഡിസൈൻ, സിനിമാറ്റോഗ്രഫി തുടങ്ങിയ സാങ്കേതിക വിഭാഗങ്ങളിലെ വനിതാ പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനുള്ള കരിയർ ഓറിയന്റേഷൻ പരിപാടി കൂടിയാണ് ഇത്. മലയാള ചലച്ചിത്ര കലയുടേയും വ്യവസായത്തിന്റെയും വികാസ പരിണാമങ്ങളെ സംബന്ധിച്ച ചരിത്രപരമായ ഗവേഷണപഠനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഫെലോഷിപ്പ് പദ്ധതിയും ചലച്ചിത്ര അക്കാദമിയുടെ നേതൃത്വത്തിൽ നിർവ്വഹിച്ചുവരുന്നു.<br><br>കേരളത്തിൽ തന്നെ സിനിമകളുടെ ചിത്രീകരണത്തിനും പോസ്റ്റ് പ്രൊഡക്ഷൻ വർക്കുകൾക്കും വേണ്ട എല്ലാ സൗകര്യങ്ങളും ചിത്രാഞ്ജലി സ്റ്റുഡിയോയുടെ ആധുനിക സംവിധാനങ്ങളോടെയുള്ള നവീകരണത്തിലൂടെ |

| | | | |
|---|---|---|---|
| | | | സാധ്യമാകും. ചിത്രാഞ്ജലി പാക്കേജിൽ നിർമ്മിക്കുന്ന ചിത്രങ്ങൾക്ക് 5 ലക്ഷം രൂപ വരെ സബ്സിഡിയായി ഇപ്പോൾ നൽകി വരുന്നുണ്ട്. എല്ലാ സിനിമകൾക്കും മികച്ച പ്രേക്ഷക ആസ്വാദനം ലഭ്യമാക്കുന്നതിനായി നിലവിലുള്ള കെ.എസ്.എഫ്.ഡി.സി തീയേറ്ററുകൾ അത്യാധുനിക സൗകര്യങ്ങളോടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. കൂടാതെ കിഫ്ബി ഫണ്ടുപയോഗിച്ച് സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ആധുനിക സൗകര്യങ്ങളോടെയുള്ള പുതിയ തീയേറ്ററുകളുടെ നിർമ്മാണ പ്രവർത്തനങ്ങളും നടന്നു വരുന്നു.<br><br>കലാമൂല്യമുള്ള സിനിമകളുടെ നിർമ്മാതാക്കൾക്ക് തീയേറ്റർ റിലീസിംഗിന് ശേഷവും തുടർ വരുമാനം ലഭിക്കുന്നതിനായി ഡിജിറ്റൽ റിലീസിംഗിനുള്ള സാങ്കേതിക രൂപമായ ഒ.ടി.ടി പ്ലാറ്റ്ഫോം സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ സർക്കാർ ധനസഹായത്തോടെ ആരംഭിക്കുവാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>സിനിമാ മേഖലയിൽ വനിതകൾക്കുള്ള അവസരം വർദ്ധിപ്പിക്കുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി 2019-20 ബഡ്ജറ്റിൽ പ്രഖ്യാപിച്ച രണ്ടു ചിത്രങ്ങളുടെ നിർമ്മാണം കെ.എസ്.എഫ്.ഡി.സി,യുടെ നേതൃത്വത്തിൽ പൂർത്തീകരിച്ച് പ്രദർശനത്തിന് തയ്യാറാക്കിയിട്ടുണ്ട്. 2020-21ലും 2021-22ലും വനിതാ സംവിധായകരേയും, പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട സംവിധായകരേയും പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ ഈ വിഭാഗത്തിൽപ്പെടുന്ന സംവിധായകരുടെ രണ്ടു ചിത്രങ്ങൾ വീതം നിർമ്മിക്കുന്ന പദ്ധതി സർക്കാർ ഫണ്ടോടു കൂടി കെ.എസ്.എഫ്.ഡി.സി.യുടെ നേതൃത്വത്തിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ